DESPATCHED
On. 08/06/2020
17.3.20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2241(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.11685/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ. അബ്ദുൾ ജബ്ബാർ.കെ.സി
നസീമ മൻസിൽ, കയ്യങ്കോട് റോഡ്
ചേലേരി പി.ഒ
കണ്ണൂർ-670604
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് സെക്രട്ടറി
കൊളച്ചേരി ഗ്രാമപഞ്ചായത്ത്

2. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
കണ്ണൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.06.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.07.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.07.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 16.08.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 15.10.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.10.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16.05.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10.06.2019,15.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.06.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ബിൽഡിംഗ് നമ്പർ 370/ വാർഡ് നമ്പർ 10 (പഴയനമ്പർ 268 വാർഡ് നമ്പർ 2) എന്ന കെട്ടിടത്തെ സംബന്ധിച്ചുള്ള വിവരങ്ങളാണ് 3 മുതൽ 7 വരെ ഇനങ്ങളിലായി ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 13.07.2018 തീയതി നൽകിയ മറുപടിയിൽ 3 മുതൽ 6 വരെ ഉള്ള ചോദ്യങ്ങൾക്ക് മറുപടി രേഖകൾ ഈ ഓഫീസില്ലി എന്നു നൽകുകയും, 7-ാമത്തെതിന് കെട്ടിടനമ്പർ നൽകിയ ഫയലുകൾ സൂക്ഷിക്കേണ്ടതിന്റെ കാലാവധി 6 വർഷമാണെന്നും 6 വർഷത്തിനുമുമ്പ് അസസ് ചെയ്ത കെട്ടിടമായതിനാൽ രേഖകൾ ടി ഓഫീസിലില്ലെന്നുമാണ് അറിയിച്ചത്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 22.07.2018 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടി തൃപ്തികരമല്ല എന്നും 3 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകണമെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 16.08.2018 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്കുള്ള എസ്.പി.ഐ.ഒ യുടെ മറുപടിയിൽ അപാകതയില്ലെന്ന് ബോധ്യപ്പെട്ടതിനാൽ തുടർനടപടികളാവശ്യമില്ലെന്നുകണ്ട് അപ്പീൽ തീർപ്പാക്കുന്നുവെന്നാണ്.

6. ഒന്നാം എതിർകക്ഷി 10.06.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 3 മുതൽ 6 വരെയുള്ള ഇനങ്ങളിലെ അസസ്മെന്റ് രേഖകളുടെ വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും, 1997 ലെ വസ്തു നികുതി മുതൽക്കെ, പ്രസിഡന്റ് ഹിദായത്തുൽ മുസ്ലീമിൻസംഘം എന്ന പേരിലാണെന്നും ടി രജിസ്റ്ററിൽ ടി കെട്ടിടത്തിന്റെ വിവരങ്ങൾ ക്യാരി ഓവർ ചെയ്തതാണെന്നും ആയതിനാൽ 1997 മുൻപുതന്നെ പ്രസ്തുത കെട്ടിടം അസസ്സ് ചെയ്തതാണെന്നും, ഉടമ

സമർപ്പിച്ച രേഖകൾ പരിശോധിച്ചിട്ടും കണ്ടെത്താനായില്ലെന്നും ആയതിനാലാണ് രേഖകൾ ടി ഓഫീസിലില്ലെന്ന് മറുപടി നൽകിയതെന്നും 7 മത്തെ ചോദ്യം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്.

7. 30.05.2019 ന് ഹിയറിങ്ങിനു ഹാജരാകത്തതിനാൽ 15.11.2019 ന് കമ്മീഷനു മുമ്പിൽ വിശദീകരണമുൾപ്പെടെ ഹാജരാകാൻ എസ്.പി.ഐ.ഒ യ്ക്ക് ഷോക്കോസ് നൽകുകയും ടിയാൻ ഹാജരായി വിശദീകരണം സമർപ്പിക്കുകയും കമ്മീഷൻ ആയത് അംഗീകരിക്കുകയും ചെയ്തു.

8. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് നൽകാൻ കഴിയാത്തതെന്ന എസ്.പി.ഐ.ഒ യുടെ മൊഴി വിശ്വാസത്തിലെടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res